LIBRARY ARCHIVES Kerala Legislative Assembly

വാഗമൺ ഭാഗത്തെ പട്ടയഭൂമി

23 [1315] ശ്രീ. ജോർജ് ജെ. മാത്യു:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, കെ. മോഹൻകുമാർ:

,, കെ. സി. വേണുഗോപാൽ:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ ഭാഗത്തുള്ള പട്ടയഭൂമിയുടെ പട്ടയം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വ്യാജ പട്ടയം കണ്ടെത്തിയിട്ടുണ്ട്;

(സി) ഒട്ടാകെ എത്ര പട്ടയങ്ങളാണ് പരിശോധിച്ചിട്ടുള്ളത്;

(ഡി) ബാക്കിയുള്ളവ പരിശോധിക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാഗമൺ പ്രദേശത്തുള്ള പട്ടയ ഭൂമിയുടെ പട്ടയം സ്പെഷ്യൽ ടീമിന്റെ നേതൃത്വത്തിൽ പരിശോധിച്ചുവരുന്നു.

(ബി) പട്ടയത്തിലെ സർവ്വെ നമ്പരും യഥാർത്ഥ കൈവശ വസ്തുവിന്റെ സർവ്വെ നമ്പരുമായി വ്യത്യാസമുള്ള 35 പട്ടയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) റീ സർവ്വെ റിക്കാഡുകൾ, പട്ടയ ഫയലുകൾ, കൈവശ സ്ഥലം എന്നിവയുമായി ഒത്തുനോക്കി ഇതിനോടകം 230 പട്ടയങ്ങൾ പരിശോധിച്ചിട്ടുണ്ട്.

(ഡി) പട്ടയങ്ങളുടെ പരിശോധന തുടർന്നുവരുന്നു.

വാഗമൺ പ്രദേശത്തെ വ്യാജ പട്ടയങ്ങളും ഭൂമി കയ്യേറ്റവും

24 [1316] ശ്രീ. ലൂഡി ലൂയിസ്:

,, കെ. മുഹമ്മദാലി:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ പ്രദേശത്തെ വ്യാജ പട്ടയങ്ങളെപ്പറ്റിയും കയ്യേറ്റങ്ങളെപ്പറ്റിയും തെളിവെടുപ്പ് നടത്തിയോ;

(ബി) എങ്കിൽ ആരെല്ലാമാണ് തെളിവെടുപ്പ് നടത്തിയത്;

(സി) തെളിവെടുപ്പു സമിതി എവിടെയെല്ലാം സന്ദർശിച്ചു;

(ഡി) ഇതിൽ പ്രധാന കയ്യേറ്റസ്ഥലങ്ങൾ ഏതെല്ലാമായിരുന്നു;

(ഇ) മുഖ്യ കയ്യേറ്റസ്ഥലങ്ങൾ തെളിവെടുപ്പ് സംഘത്തെ കാണിച്ചിട്ടില്ലെന്ന പരാതി ഉയർന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) റവന്യൂ, വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരും ടൂറിസം വകുപ്പ് സെക്രട്ടറിയും ഉൾപ്പെടുന്ന ഉന്നതാധികാര കമ്മിറ്റി 18-9-2003-ൽ വാഗമൺ പ്രദേശം സന്ദർശിച്ച് തെളിവെടുപ്പ് നടത്തിയിരുന്നു. കൂടാതെ ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീം രൂപീകരിച്ച് കയ്യേറ്റവും വ്യാജപട്ടയങ്ങളുടെ നിജസ്ഥിതിയും അന്വേഷിച്ചുവരുന്നു.

(സി) വാഗമൺ, ഉളുപ്പൂണി, കോലാഹലമേട്, വെടിക്കുഴി എന്നീ സ്ഥലങ്ങളാണ് തെളിവെടുപ്പ് സമിതി സന്ദർശിച്ചത്.

(ഡി) കോലാഹലമേട്, ഉളുപ്പൂണി, വെടിക്കുഴി എന്നീ ഭാഗങ്ങളിലാണ് പ്രധാനമായും കയ്യേറ്റങ്ങൾ ഉള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വാഗമണിലെ റവന്യൂ ഭൂമി

25 [1317] ശ്രീ. ഇ. എം. അഗസ്തി:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. സി. വേണുഗോപാൽ:
,, കെ. മോഹൻകുമാർ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ പ്രദേശത്ത് റവന്യൂ വകുപ്പിന് എത്ര ഹെക്ടർ ഭൂമിയുണ്ട് എന്നറിയിക്കാമോ;

(ബി) ഈ ഭൂമി കയ്യേറ്റവിധേയമായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഒഴിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly